പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3230

16.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻപ്രകാരം ശരാശരി എത്ര പേർ പണിയെടുക്കുന്നു; വിശദമാക്കുമോ; | (എ) | 11.10.2015 ലെ കണക്ക് പ്രകാരം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3163399 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1326287 കുടുംബങ്ങളിലെ 1458952 പേർ പണിയെടുക്കുന്നു. |
| (ബി) | 2015-16 നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്ര സഹായം എത്ര; നാളിതുവരെ എന്തു തുക സംസ്ഥാന വിഹിതമായി നൽകി; കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ നടപ്പുവർഷം നാളിതുവരെ എത്ര തുക തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി; വിശദാംശം വ്യക്തമാക്കുമോ; | (ബി) | 2015-16 നടപ്പ് സാമ്പത്തിക വർഷം 107382.14 ലക്ഷം രൂപ കേന്ദ്രവിഹിതമായും 2500.44 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. ഇതിൽ 110028.38 ലക്ഷം രൂപ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അവിദഗ്ദ്ധ കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുത്തവർക്ക് ഈ നടപ്പുവർഷം നാളിതുവരെ കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര; ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; | (സി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പ് വർഷം നാളിതുവരെ 19785.15 ലക്ഷം രൂപയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളത്. ഇത് മുഖ്യമായും നവംബർ മാസം മുതൽ കുടിശ്ശികയായ തുകയാണ്. |
| (ഡി) | തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെടുന്ന കുടുംബത്തെ സഹായിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ 195 പേരാണ്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയിലേർപ്പെടവേ മരണപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ എക്സ്ഗ്രേഷ്യ (25,000 രൂപ) അടിയന്തിരമായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതുപ്രകാരം മരണപ്പെട്ട 195 തൊഴിലാളികളുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് എക്സ് ഗ്രേഷ്യയായി 25,000/- രൂപ നിരക്കിൽ ആകെ 48,75,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ഇ) | തൊഴിലുറപ്പ് പദ്ധതിയിൽ മുൻവർഷം ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത എല്ലാ കുടുംബങ്ങൾക്കും രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗുരുതര പരിക്കുകൾ പറ്റിയാൽ ആ തൊഴിലാളികളുടെ മുഴുവൻ ചികിത്സയും സർക്കാർ നിലവിൽ വഹിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പേരുടെ ചികിത്സ വഹിച്ചുവെന്നും ആയതിന് ഈ സർക്കാരിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ? | (എഫ്) | തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കവേ പരിക്ക് പറ്റിയാൽ ആവശ്യമായി വരുന്ന മുഴുവൻ ആശുപത്രി ചെലവും വഹിക്കുന്നതിനും അതോടൊപ്പം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ മസ്റ്റർറോൾ പ്രകാരം ലഭിക്കുമായിരുന്ന വേതനത്തിന്റെ 50 ശതമാനം നഷ്ടപരിഹാരമായി നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപ്രകാരം 28.12.2015 വരെ 2631 പേർക്ക് ആനുകൂല്യം നൽകുകയും 1,16,44,239/- രൂപ ഈയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ